(ബി) കൊല്ലം, തൃശ്ശൂർ മുനിസിപ്പാലിറ്റികളോട് സമീപ പഞ്ചായത്തുകൾ കൂട്ടി യോജിപ്പിച്ച് കോർപ്പറേഷനുകളാകുമ്പോൾ നിലവിലുള്ള ജീവിത സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ടാകുമെന്ന ജനങ്ങളുടെ ആശങ്ക ഒഴിവാക്കാൻ എന്തെങ്കിലും മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കോർപ്പറേഷനുകളിലെ കുടിവെള്ളപ്രശ്നം, യാത്രാ സൗകര്യം, നഗരശുചീകരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവ മുൻനിർത്തി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശം ഉണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കൊല്ലം, തൃശ്ശൂർ, മുനിസിപ്പാലിറ്റികളുടെ വികസന അതോറിറ്റികൾക്ക് രൂപം നൽകുന്ന നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) ഈ രണ്ടു നഗരങ്ങളുടേയും പ്രാന്തപ്രദേശങ്ങളുടേയും വികസനത്തിനായുള്ള വികസന അതോറിറ്റികൾ നേരത്തെ തന്നെ നിലവിലുണ്ട്.

(ബി) നഗരസ്വഭാവം കൈവരിച്ച പഞ്ചായത്തുകൾ കൂട്ടിചേർത്താണ് കൊല്ലം, തൃശ്ശൂർ മുനിസിപ്പാലിറ്റികൾ കോർപ്പറേഷനുകളാക്കാൻ വിജ്ഞാപനം പുറപ്പെടുവിച്ചത് ഇതുമൂലം ജീവിത സാഹചര്യങ്ങളിൽ ബുദ്ധിമുട്ടുണ്ടാകുമെന്ന ആശങ്ക അസ്ഥാനത്താണ്.

(സി) കുടിവെള്ളം, യാത്രാസൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ബന്ധപ്പെട്ട നഗരസഭകളും, വികസന അതോറിറ്റികളും ഏറ്റെടുത്തിട്ടുള്ള വിവിധ വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കേണ്ടതുണ്ട്. നഗര ശുചീകരണം മുൻനിർത്തി തൃശ്ശൂർ, കൊല്ലം നഗരസഭകൾ ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനത്തിന് പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞു. പുതിയ സംവിധാനം 1-10-2000-ൽ നിലവിൽ വരുന്നതോടെ ഭരണപരമായി വരുത്തേണ്ട ക്രമീകരണങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

(ഡി) നിലവിലുള്ള വികസന അതോറിറ്റികൾ പുന : സംഘടിപ്പിക്കുന്നതിന് നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്.

134 (2290) തിരുവനന്തപുരം കോർപ്പറേഷൻ മെട്രോ നഗരമാക്കുന്നതിന് നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ മെട്രോ നഗരമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോർപ്പറേഷൻ മെട്രോ നഗരമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) സമീപപ്രദേശത്തെ ഏതൊക്കെ പഞ്ചായത്തുകളെയാണു ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇപ്പോൾ നഗരത്തോട് കൂടി ചേർക്കാനുദ്ദേശിക്കുന്ന പഞ്ചായത്തുകളോട് ഇത് സംബന്ധിച്ച അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മെട്രോ നഗരം രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 പിയിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. അത് പ്രകാരം 10 ലക്ഷത്തിലധികം ജനസംഖ്യയുള്ള ഒരു പ്രദേശത്തിന് മെട്രോ നഗരം രൂപീകരിക്കാവുന്നതാണ്.

(സി) ഉള്ളൂർ, ആറ്റിപ്ര, നേമം, കടകംപള്ളി, തിരുവല്ലം, എന്നീ ഗ്രാമ പഞ്ചായത്തുകൾ തിരുവനന്തപുരം നഗരസഭയിൽ ലയിപ്പിച്ച് 1-10-2000 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 30-11-99 ലെ വിജ്ഞാപന പ്രകാരം തിരുവനന്തപുരം നഗരസഭയോട് ലയിപ്പിച്ചിട്ടുള്ള ഉള്ളൂർ, നേമം, ആറ്റിപ്ര, കടകംപള്ളി, തിരുവല്ലം എന്നീ ഗ്രാമ പഞ്ചായത്തുകളോട് ഇത് സംബന്ധിച്ച അഭിപ്രായം അതിനുമുമ്പായി ആരാഞ്ഞിട്ടുള്ളതും പ്രസ്തുത ഗ്രാമപഞ്ചായത്തുകൾ ലയനത്തിനനുകൂലമായി പ്രമേയം പാസ്സാക്കി നൽകിയിട്ടുള്ളതുമാണ്.

135 (2291) ടൗൺ പ്ലാനർക്കെതിരെയുള്ള അന്വേഷണം

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ ടൗൺപ്ലാനറായി ജോലി ചെയ്തിരുന്ന ശ്രീ. പി.കെ. ഗോപിനാഥനെതിരെ അഴിമതിയും ക്രമക്കേടും നടത്തിയതിന്റെ പേരിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ അർബൻ ഡെവലപ്പ്മെന്റ് അതോറിറ്റിയിലായിരിക്കെ ശ്രീ.പി.കെ. ഗോപിനാഥൻ നടത്തിയ അഴിമതി സംബന്ധിച്ച് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണ ഏജൻസി കണ്ടെത്തിയ നിഗമനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇദ്ദേഹത്തിന്റെ പേരിൽ കണ്ടെത്തിയ ക്രമക്കേട് സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ നഗരവികസന അതോറിറ്റിയിലെ ടൗൺപ്ലാനറും തദ്ദേശ സ്വയംഭരണവകുപ്പിൽ യു.ബി.എസ്.പി. സ്റ്റേറ്റ് കോർഡിനേറ്ററായി ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തിരുന്നതുമായ ശ്രീ. പി.കെ. ഗോപിനാഥൻ, ടിയാൻ യു.സി.എസ്.പി. സ്റ്റേറ്റ് കോർഡിനേറ്ററായി ജോലി ചെയ്തിരുന്ന കാല

LIBRARY ARCHIVES Kerala Legislative Assembly